# ഇ.പി.എഫ്. നിയമത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട സ്ഥാപനത്തിലെ കരാർ തൊഴിലാളികൾക്ക് ഇ.പി.എഫ്. നിയമം ബാധകം

## മദ്രാസ് ഹൈക്കോടതി

W.P. No. 5310/2015 Dt. 1.10.2020

വിരുധാചലം മുനിസിപ്പാലിറ്റി

x

ഡിപ്പാർട്ട്മെന്റ് ഓഫ് മിനിസ്ട്രി ഓഫ് ലേബർ-എംപ്ലോയ്മെന്റ്

മുനിസിപ്പാലിറ്റിയിലെ ജോലികൾ ചെയ്യുന്നത് സ്ഥിരം തൊഴിലാളികളും കരാർ തൊഴിലാളികളുമാണ്. ഇ.പി.എഫ്. പദ്ധതിയെക്കാൾ മെച്ചപ്പെട്ട പ്രോവിഡന്റ് ഫണ്ട് പദ്ധതി മുനിസിപ്പാലിറ്റിയിലുള്ളതിനാൽ സംസ്ഥാന സർക്കാർ മുനിസിപ്പാലിറ്റിയെ ഇ.പി.എഫ്. നിയമത്തിൽ നിന്ന് ഒഴിവാക്കി ഉത്തരവ് ഇറക്കി. അതിനാൽ ഇ.പി.എഫ്. വിഹിതമടയ്ക്കാൻ മുനിസിപ്പാലിറ്റിക്ക് ബാധ്യതയില്ല. എന്നാൽ മുനിസിപ്പാലിറ്റിയുടെ പ്രോവിഡന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം കരാർ തൊഴിലാളികൾക്ക് ലഭ്യമല്ലായിരുന്നു. സ്ഥിരം തൊഴിലാളികൾക്ക് മാത്രമായി അത് പരിമിതപ്പെടുത്തിയിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഇ.പി.എഫ്. അധികൃതർ കരാർ തൊഴിലാളികളുടെ പേരുവിവരം, വേതനം, സേവനകാലം എന്നിവ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് മുനിസിപ്പാലിറ്റിക്ക് നോട്ടീസയച്ചു. നോട്ടീസ് കിട്ടിയ മുനിസിപ്പാലിറ്റി ഹൈക്കോടതിയെ സമീപിച്ചു. ഇ.പി.എഫ്. നിയമത്തിൽ നിന്ന് ഒഴിവ് ലഭിച്ചിട്ടുള്ള മുനിസിപ്പാലിറ്റിക്ക് ഇ.പി.എഫ്. വിഹിതമടയ്ക്കാൻ ബാധ്യതയില്ലെന്നിരിക്കെ രേഖകൾ ഹാജരാക്കണമെന്ന് നിർദ്ദേശിക്കാൻ ഇ.പി.എഫ്. കമ്മീഷണർക്ക് അധികാരമില്ലെന്ന് മുനിസിപ്പാലിറ്റി വാദിച്ചു. സ്ഥാപനത്തിലെ സ്ഥിരം തൊഴിലാളികൾക്കു മാത്രമാണ് പ്രോവിഡന്റ് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതെന്നും അവിടെ ജോലി ചെയ്യുന്ന കരാർ തൊഴിലാളികൾക്ക് അത് ലഭിക്കുന്നില്ലെന്നും ഇ.പി.എഫ്. കമ്മീഷണർ ബോധിപ്പിച്ചു. കരാർ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മുനിസിപ്പാലിറ്റിക്കു ലഭിച്ച ഒഴിവ് ബാധകമല്ലാത്തതിനാൽ ആ തൊഴിലാളികളുടെ വിഹിതമടയ്ക്കാൻ മുനിസിപ്പാലിറ്റി ബാധ്യസ്ഥമാണെന്ന് ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. കരാർ തൊഴിലാളികളും മുനിസിപ്പാലിറ്റിയുടെ തൊഴിലാളികളാണെന്നും അവർക്ക് മുനിസിപ്പാലിറ്റിയുടെ പ്രോവിഡന്റ് ഫണ്ട് ബാധകമല്ലാത്തതിനാൽ ഇ.പി.എഫ്. വിഹിതമടയ്ക്കാൻ മുനിസിപ്പാലിറ്റി ബാധ്യസ്ഥമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ഇ.പി.എഫ്. അധികൃതർ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ഇ.പി.എഫ്. അധികൃതർക്ക് നല്കണമെന്ന് മുനിസിപ്പാലിറ്റിയോട് നിർദ്ദേശിച്ചു.